**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നിയമസഭാ നടപടികൾ**

**സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2011 ജൂൺ 28, ചൊവ്വ

നിയമസഭ രാവിലെ 8.30 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പ്**

മി. സ്പീക്കർ: നിയമസഭാ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ശ്രീമതി ഇ. എസ്. ബിജിമോളുടെയും ശ്രീ. എൻ. ശക്തന്റെയും പേരുകൾ നിർദ്ദേശിച്ചുകൊണ്ടുള്ള നാമനിർദ്ദേശപത്രികകൾ കിട്ടിയിട്ടുണ്ട്. പരിശോധനയിൽ നാമനിർദ്ദേശ പത്രികകളെല്ലാം നിയമാനുസൃതമാണെന്ന് കാണുന്നു. ഒന്നിലധികം അംഗങ്ങൾ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേയ്ക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ വോട്ടെടുപ്പിലൂടെ ഡെപ്യൂട്ടി സ്പീക്കറെ തെരഞ്ഞെടുക്കുന്നതാണ്.

(വോട്ടെടുപ്പ് ആരംഭിക്കുകയും നിയമസഭാ സെക്രട്ടറി ശ്രീ. പി. ഡി. രാജൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി മുതൽ ഇരിപ്പിട ക്രമത്തിൽ നിരയായി അംഗങ്ങളുടെ പേര് വിളിക്കുകയും അംഗങ്ങൾ ഓരോരുത്തരായി വന്ന് ബാലറ്റ് പേപ്പർ വാങ്ങി ഡയസ്സിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന രണ്ട് ബൂത്തുകളിലായി വോട്ട് രേഖപ്പെടുത്തി ബാലറ്റ്

പെട്ടിയിൽ നിക്ഷേപിച്ചശേഷം തിരികെയെത്തി സ്വസ്ഥാനത്ത് ഉപവിഷ്ടരാകുകയും ചെയ്തു. സ്പീക്കർ ശ്രീ. ജി. കാർത്തികേയൻ, ഡെപ്യൂട്ടി സ്പീക്കർ സ്ഥാനാർത്ഥികളായ ശ്രീമതി ഇ. എസ്. ബിജിമോൾ, ശ്രീ. എൻ. ശക്തൻ നോമിനേറ്റഡ് അംഗം ശ്രീ. ലൂഡി ലൂയിസ് എന്നിവരും വോട്ടെടുപ്പിൽ പങ്കെടുത്തു. ശ്രീ. കെ. കെ. നാരായണൻ സഭയിൽ ഹാജരായിരുന്നില്ല.

ശ്രീമതി ഇ. എസ്. ബിജിമോളുടെ ഏജന്റ് ശ്രീ. വി. എസ് സുനിൽകുമാറിന്റേയും ശ്രീ. എൻ. ശക്തന്റെ ഏജന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജിന്റേയും സാന്നിദ്ധ്യത്തിൽ വോട്ടെണ്ണൽ നടന്നു.

(ശ്രീമതി ഇ. എസ്. ബിജിമോൾക്ക് 67 വോട്ടും ശ്രീ. എൻ. ശക്തന് 73 വോട്ടും ലഭിച്ചതായും ശ്രീ. എൻ. ശക്തനെ നിയമസഭാ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുത്തതായും സ്പീക്കർ പ്രഖ്യാപിച്ചു.)

(ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറെ സഭാദ്ധ്യക്ഷൻ ഹാർദ്ദമായി അനുമോദിക്കുകയും സർവ്വ വിജയാശംസകളും നേരുകയും ചെയ്തശേഷം ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം അലങ്കരിക്കുന്നതിനുവേണ്ടി ക്ഷണിക്കുകയുണ്ടായി. ശ്രീ. എൻ. ശക്തൻ ഡെപ്യൂട്ടി സ്പീക്കർക്കായി നിശ്ചയിച്ചിട്ടുള്ള സ്ഥാനത്ത് ഉപവിഷ്ടനായി.)

**അടിയന്തിരപ്രമേയം**

## എസ്.എഫ്.ഐ. നടത്തിയ നിയമസഭാ മാർച്ചിനുനേരെയുണ്ടായ ലാത്തിച്ചാർജ്ജ്

മി. സ്പീക്കർ : എം.ബി.ബി.എസ്, പി.ജി. കോഴ്സുകളുടെ 50 ശതമാനം സർക്കാർ ക്വാട്ടയിൽ സ്വന്തമായി പ്രവേശനം നടത്താൻ സ്വകാര്യ സ്വാശ്രയ

മെഡിക്കൽ മാനേജ്മെന്റുകൾക്ക് സൗകര്യമൊരുക്കിയതിനെതിരെ, 24-06-2011-ൽ എസ്.എഫ്.ഐ. പ്രവർത്തകർ നടത്തിയ നിയമസഭാ മാർച്ചിനു നേരെ പോലീസ് നടത്തിയ ലാത്തിച്ചാർജ്ജിലും മറ്റും ശ്രീ. ആർ. രാജേഷ്, എം.എൽ.എ.യ്ക്കും നൂറുകണക്കിന് വിദ്യാർത്ഥികൾക്കും പരിക്ക് പറ്റിയ തായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം.എ. ബേബി, വി. എസ്. സുനിൽകുമാർ, സി.കെ. നാണു, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങ ളിൽ സാമൂഹ്യ നീതിയിലധിഷ്ഠിതമായിട്ടുള്ള പ്രവേശനവും മെറിറ്റ് സീറ്റിൽ വരുന്ന കുട്ടികൾക്ക് ന്യായമായ ഫീസും എന്നുള്ളതിനോട് പൂർണ്ണമായ യോജിപ്പാണ് സർക്കാരിനുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊണ്ടു വന്ന സ്വാശ്രയ നിയമത്തിൽ ശക്തമായ എതിർപ്പുകൾ നിലനിൽക്കു മ്പോൾത്തന്നെ ആ നിയമം പാസ്സാക്കാൻ പ്രതിപക്ഷം സഹകരിച്ചു. എൽ.ഡി.എഫ്. സർക്കാരിന് നിയമത്തിലെ അവ്യക്തത പരിഹരിക്കാൻ സാധിച്ചില്ല. ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന്റെ നിലപാടിൽ യാതൊരു മാറ്റവുമില്ല. മെഡിക്കൽ പി.ജി. കോഴ്സുകളിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിയമപ്രകാരം കേരള സർക്കാരിന് അവകാശപ്പെട്ട 50 ശതമാനം സീറ്റുകൾ ഏറ്റെടുത്തുകൊണ്ടും അതിൽ സ്വകാര്യ മാനേജ്മെന്റുകൾ നടത്തിയ പ്രവേശനം റദ്ദാക്കിക്കൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് ഏറ്റെടുത്ത സീറ്റുകളി ലേയ്ക്കുള്ള അലോട്ട്മെന്റിനുള്ള കൗൺസിലിംഗ് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഇന്ന് രാവിലെ 10.00 മണിക്ക് ആരംഭിച്ചിട്ടുണ്ട്. ഇതിനെതിരെ

സ്വകാര്യ മാനേജ്മെന്റുകൾ നൽകിയ കേസ്സിന്മേൽ ഇന്ന് (28-06-2011) ഉച്ചയ്ക്ക് 1.30-ന് വിധി പ്രഖ്യാപിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 30-06-2011 വരെ പ്രവേശനം ദീർഘിപ്പിക്കാൻ കർണ്ണാടക സർക്കാരിന് ലഭ്യമായ അവകാശം കേരളത്തിനും ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇന്നുതന്നെ സുപ്രീം കോടതിയിൽ ഹർജി നൽകുന്നതാണ്. മെഡിക്കൽ പി.ജി. കോഴ്സുകളിൽ 50 ശതമാനം സീറ്റുകൾ മെറിറ്റ് അടിസ്ഥാനത്തിൽ നൽകാൻ വേണ്ടി ഗവൺമെന്റ് എല്ലാ നടപടികളും സ്വീകരിക്കും. എം.ബി.ബി.എസ്. പ്രവേശന ത്തിന് മുൻ ഗവൺമെന്റിന്റെ കാലത്ത് നിലനിന്ന അതേ സ്ഥിതിതന്നെയാണ് തുടരുന്നത്. കഴിഞ്ഞ പ്രാവശ്യത്തെപ്പോലെത്തന്നെ ഇപ്രാവശ്യവും സീറ്റുകൾ തരാൻ സാദ്ധ്യമല്ലെന്ന ക്രിസ്ത്യൻ മാനേജ്മെന്റിന്റെ നിലപാട് അംഗീകരി ക്കുന്നില്ല. കഴിഞ്ഞ വർഷം 50 ശതമാനം സീറ്റുകൾ ഗവൺമെന്റിന് തരികയും ഉയർന്ന ഫീസ് വാങ്ങുകയും ചെയ്തിരുന്ന മറ്റ് മാനേജ്മെന്റു കളോട് ഗവൺമെന്റുമായി സഹകരിക്കണം എന്ന് നിർബന്ധമായി പറഞ്ഞിട്ടുണ്ട്. ഫീസ് സംബന്ധിച്ച് തീരുമാനിക്കേണ്ടതിന്റെ പൂർണ്ണ അവകാശം ഫീ റെഗുലേഷൻ കമ്മിറ്റിക്കാണ്. ഫീസിന്റെ കാര്യത്തിൽ രക്ഷകർത്താക്കളുടെയും വിദ്യാർത്ഥികളുടെയും പരമാവധി താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള നിലപാടായിരിക്കും ഗവൺമെന്റ് സ്വീകരിക്കുന്നത്. ജനാധിപത്യത്തിൽ പ്രതിഷേധിക്കാനും സമരം ചെയ്യാനുമുള്ള അവകാശത്തെ സർക്കാർ ചോദ്യം ചെയ്യുന്നില്ല. എന്നാൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കേണ്ട ബാദ്ധ്യത പോലീസിനുണ്ട്. 24-06-2011-ന് തിരുവനന്തപുരത്ത് നടന്ന നിയമസഭാ മാർച്ചിൽ മണിക്കൂറുകളോളം ജനജീവിതം സ്തംഭിപ്പിക്കുകയും അക്രമം കാട്ടുകയും ഡെപ്യൂട്ടി കമ്മീഷണർ ഓഫ് പോലീസ് അടക്കമുള്ള നിരവധിപേർക്ക് പരിക്ക് പറ്റുകയും

ചെയ്ത സാഹചര്യമുണ്ടായി. പ്രതിഷേധത്തിന്റെ പേരിൽ തെരുവ് യുദ്ധം നടത്തുന്നത് ശരിയാണോയെന്ന് പ്രതിപക്ഷം ചിന്തിക്കണം.

ശ്രീ. എം. എ. ബേബി : മുഖ്യമന്ത്രി ഇവിടെ പോലീസിന്റെ നടപടികളെ ന്യായീകരിക്കുകയാണുണ്ടായത്. വിദ്യാർത്ഥികൾക്കുനേരെ നിഷ്ഠൂരമായ കടന്നാക്രമണമാണ് പോലീസ് നടത്തുന്നത്. ഇന്നലെ ആലപ്പുഴയിൽ സമരത്തിൽ പങ്കെടുത്ത മൂന്ന് വിദ്യാർത്ഥികളെ ലോക്കപ്പിലിട്ട് മർദ്ദിച്ചതി നെത്തുടർന്ന് ആലപ്പുഴ ജനറൽ ആശുപത്രിയിൽ ചികിൽസയിലാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിൽസയിൽ കഴിയുന്ന വിദ്യാർത്ഥി നേതാക്കളുടെ തലയടിച്ച് പൊട്ടിച്ചതായിട്ടാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇന്നലെയും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജ് മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കണ മെന്നാവശ്യപ്പെട്ടുകൊണ്ട് സമരത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കു നേരെ ആക്രമണമുണ്ടാകുകയും നിരവധി വിദ്യാർത്ഥികൾ ആശുപത്രിയിൽ ചികിൽസയിലാവുകയും ചെയ്തു. സ്വാശ്രയ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട വിഷയം സമൂഹത്തിന്റെ ഒരു പ്രശ്നമായി കണ്ട് എല്ലാവരെയും സഹകരിപ്പിച്ചുകൊണ്ട് പരിഹാരം കാണാനുള്ള സന്നദ്ധത പ്രകടിപ്പിക്കുന്ന ുവെങ്കിൽ സഹകരിക്കാൻ പ്രതിപക്ഷം തയ്യാറാണ്. 2006-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെതന്നെ പുഷ്പഗിരി, കോലഞ്ചേരി, അമല, ജൂബിലി തുടങ്ങി അന്ന് സംസ്ഥാനത്ത് ഉണ്ടായിരുന്ന മുഴുവൻ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജ് സ്ഥാപനങ്ങളിലും 50 ശതമാനം സീറ്റിൽ മെറിറ്റും സാമൂഹിക നീതിയും സംവരണവും പാലിച്ചുകൊണ്ട് പ്രവേശിപ്പിച്ചതിനുപുറമെ അന്ന് ഗവൺമെന്റ് കോളേജുകളിൽ നിലവിലുണ്ടാ യിരുന്ന ഫീസിൽ വിദ്യാർത്ഥികൾക്ക് പഠനം പൂർത്തിയാക്കാൻ അവസര

മൊരുക്കിയെന്നതും ചരിത്ര നേട്ടമാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ഒരു വിദ്യാർത്ഥിക്കുപോലും സ്വാശ്രയ മെഡിക്കൽ കോളേജിലെ ഒരു കോഴ്സിലും ഗവൺമെന്റ് കോളേജിലെ ഫീസിൽ പഠിക്കാൻ സൗകര്യം ഉണ്ടാക്കിയിട്ടില്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പ്രസ്തുത മെഡിക്കൽ കോളേജുകൾ എസ്.സി.-എസ്.ടി. വിദ്യാർത്ഥികൾക്ക് സംവരണം നൽകുന്ന രീതിയോട് നിസ്സഹകരിച്ചുവെങ്കിലും അത് ഗവൺമെന്റ് അംഗീകരിക്കുകയുണ്ടായില്ല. ഭൂരിപക്ഷം സ്വകാര്യ മെഡിക്കൽ കോളേജ് മാനേജ്മെന്റുകളും പ്രത്യേകതരം കൺസോർഷ്യമുണ്ടാക്കുകയും ഗവൺമെന്റുമായി സഹകരിക്കുകയും എട്ട് പുതിയ സ്വാശ്രയ മെഡിക്കൽ കോളേജുകൾ സംസ്ഥാനത്ത് ആരംഭിക്കുകയുമുണ്ടായി. 60 എഞ്ചിനീയറിംഗ് കോളേജുകളിലും 50 ശതമാനം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാൻ സമ്മതിച്ചതോടൊപ്പം വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഫീസിലോ താങ്ങാവുന്ന ഫീസിലോ മാനേജ്മെന്റ് സീറ്റിനേക്കാൾ കുറഞ്ഞ ഫീസിലോ പഠിക്കാനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുക എന്ന അവകാശവും സംരക്ഷിക്കാൻ കഴിഞ്ഞത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. കേരളത്തിലെ ഒരു സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജും ഗവൺമെന്റുമായി സഹകരിക്കില്ലെന്ന സമീപനമാണ് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാര മേറ്റെടുത്തതിനുശേഷം ഒരു സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജിലും സംവരണാടിസ്ഥാനത്തിലും അല്ലാതെയും മെറിറ്റിൽ പ്രവേശനം കിട്ടേണ്ട സ്ഥാനത്ത് പ്രവേശനം ലഭിക്കാൻ സാധ്യതയില്ലാത്ത സ്ഥിതിയാണ് സംസ്ഥാനത്ത് സംജാതമായിരിക്കുന്നത്. ബിരുദാനന്തര ബിരുദത്തിന് അഡ്മിഷൻ നടത്താനുള്ള സമയം നീട്ടിക്കിട്ടാനായി സുപ്രീം കോടതിയെ

സമീപിക്കുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. ബിരുദാനന്തര ബിരുദത്തിനുള്ള പ്രവേശനം മുഴുവൻ പൂർത്തിയാക്കണമെന്ന മെഡിക്കൽ കൗൺസിലിന്റെ നിർദ്ദേശത്തിനുശേഷം 50 ശതമാനം സീറ്റുകൾ ഏറ്റെടുത്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് ശരിയായ നടപടിയല്ല. സർക്കാർ സ്വാശ്രയ മാനേജ്മെന്റുകളുമായി ഒത്തുകളിക്കുകയാണ്. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് ഒരു സമഗ്രമായ നിയമ നിർമ്മാണത്തിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. സമരം നടത്തിയ വിദ്യാർത്ഥികളെ പൈശാചികമായി മർദ്ദിച്ച പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ഈ വിഷയം സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യുകയും ചെയ്യണം.

<u>ഡോ. ടി.എം. തോമസ് ഐസക്:</u> സമരം നടത്തിയ വിദ്യാർത്ഥികളെ ക്രൂരമായി തല്ലിച്ചതയ്ക്കുന്ന സർക്കാർ നയം തിരുത്തണം.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u> സർക്കാർ നയത്തിനെതിരെ കോട്ടയത്ത് സമാധാനപരമായി സമരം നടത്തിയ വിദ്യാർത്ഥികളെ അതിനിഷ്ഠൂരമായി മർദ്ദിക്കുന്നതിന് മുഖ്യമന്ത്രിയുടെ പ്രത്യേക നിർദ്ദേശം ഉണ്ടായിരുന്നോയെന്ന് വ്യക്തമാക്കണം.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ:</u> സമരം നടത്തിയ ഡി.വൈ. എഫ്.ഐ/എസ്.എഫ്.ഐ. വിദ്യാർത്ഥികളെ ലോക്കപ്പിലിട്ട് മർദ്ദിക്കുന്നത് ശരിയായ നടപടിയല്ല.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സ്വകാര്യമേഖലയിൽ സ്വാശ്രയ കോളേജ് അനുവദിക്കുന്നത് സംബന്ധിച്ച് ആന്റണി സർക്കാർ കൊണ്ടുവന്ന നിയമം റിപ്പീൽ ചെയ്തുകൊണ്ട് പുതിയ നിയമം കൊണ്ടുവരുന്നതുവരെ

50:50 അനുപാതം ആരും ചോദ്യം ചെയ്തിരുന്നില്ല. ആദ്യത്തെ ഒരു വർഷം അമ്പത് ശതമാനം സീറ്റിൽ ഗവൺമെന്റ് ഫീസിൽ തന്നെ പഠിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ക്രോസ്സ് സബ്സിഡി പാടില്ല എന്ന 2003-ലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ഫീസിന്റെ കാര്യത്തിൽനിന്നും മാനേജുമെന്റുകൾ പിൻമാറിയത്. ഇന്ന് കേരളത്തിൽ നിലനിൽക്കുന്ന നിയമ ത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ ഒരു സ്വാശ്രയനിയമം നടപ്പിലാക്കും. പ്രതിപക്ഷം ഇതിനെ രാഷ്ട്രീയപരമായി കാണാതെ സഹകരിക്കാൻ തയ്യാറാകണം. സുപ്രീം കോടതിയിൽ വിദ്യാർത്ഥികൾ കൊടുത്ത കേസ്സിൽ പി.ജി. സീറ്റുകളുടെ പ്രവേശനം 30-06-2011 വരെ നീട്ടിയത് കേരളത്തിനും ബാധകമാണ് എന്ന നിയമോപദേശ ത്തിന്റെ അടിസ്ഥാനത്തിലാണ് സുപ്രീം കോടതിയിൽ പോകാതിരുന്നത്. ഇന്നുതന്നെ സുപ്രീം കോടതിയിൽ മൂവ് ചെയ്യുന്നതാണ്. മുഴുവൻ സീറ്റും എടുത്തുകൊണ്ടുള്ള മാനേജ്മെന്റിന്റെ നടപടി ഒരു കാരണവശാലും അംഗീകരിക്കില്ല. മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം സംബന്ധിച്ച പ്രശ്നം ഭരണ-പ്രതിപക്ഷങ്ങൾ യോജിച്ച് പരിഹരി ക്കേണ്ടതാണ്. എല്ലാവർക്കും സ്വീകാര്യമായ രീതിയിൽ ന്യൂനപക്ഷ സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ട് സാമൂഹ്യനീതിയിൽ അധിഷ്ഠിതമായി ട്ടുള്ള ഒരു സമീപനം സ്വീകരിക്കേണ്ടതുണ്ട്. ചർച്ച ചെയ്ത് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന് ഗവൺമെന്റ് സന്നദ്ധമാണ്. ഈ വർഷത്തെ അഡ്മിഷനുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാര മുണ്ടാക്കി മുന്നോട്ടുപോകാൻ പരമാവധി ശ്രമിക്കുന്നതാണ്. അടുത്ത വർഷത്തെ അഡ്മിഷന് മുമ്പുള്ള ചർച്ചയിൽ പ്രതിപക്ഷത്തിന്റെകൂടി സഹകരണം അഭ്യർത്ഥിക്കുന്നു. ഗവൺമെന്റിന്റെ നയങ്ങൾക്കെതിരെ

പ്രതിഷേധിക്കുമ്പോൾ ആത്മസംയമനം പാലിക്കുന്ന ഒരു സാഹചര്യമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. ആർ. രാജേഷ്, എം.എൽ.എ.യ്ക്ക് സമരത്തിനിടെ പരിക്ക് പറ്റിയതായി നോട്ടീസിൽ സൂചിപ്പിച്ചിട്ടുള്ളതിനാൽ അത് സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ ഡി.ജി.പി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

വ്യക്തിപരമായ വിശദീകരണം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): ഞാൻ മന്ത്രി ആകുന്നതിനുമുമ്പ് ക്രിസ്റ്റ്യൻ മാനേജ്മെന്റ് കോളേജുകളിൽ മാനേജ്മെന്റ് ക്വാട്ടയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചതനുസരിച്ച് അപേക്ഷ സമർപ്പിക്കുകയും എന്റെ മകനെ കൗൺസിലിംഗിന് വിളിക്കുകയും അഡ്മിഷൻ നേടുകയും ചെയ്തു. ഗവൺമെന്റ് സീറ്റുകളും മാനേജ്മെന്റ് ഫിൽ ചെയ്തു എന്ന് മനസ്സിലായപ്പോഴാണ് മകനെ അവിടെനിന്ന് പിൻവലിച്ചത്.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): എന്റെ മകൾക്ക് പരിയാരം മെഡിക്കൽ കോളേജിൽ മാനേജ്മെന്റ് സീറ്റിൽ പ്രവേശനം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചശേഷമാണ് ഞാൻ 13-ാം നിയമസഭയിലേയ്ക്ക് മൽസരിക്കാൻ നോമിനേഷൻ നൽകുന്നത്. മകൾക്ക് മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം ലഭിക്കുകയും മാനേജ്മെന്റ് ആവശ്യപ്പെട്ട ഫീസ് അടയ്ക്കുകയും ചെയ്തതിനുശേഷം തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനമുണ്ടാവുകയും ഞാൻ മന്ത്രിസഭയിൽ ചേർന്ന് ആരോഗ്യ വകുപ്പുമന്ത്രിയുടെ ചുമതലയേൽക്കുകയും ചെയ്തു. ആരോഗ്യ വകുപ്പു മന്ത്രിയുടെ മകൾ അനധികൃതമായി അഡ്മിഷൻ നേടി എന്ന് തെറ്റിദ്ധാരണയുണ്ടാക്കുന്ന വിധത്തിൽ സഭയിൽ പരാമർശിച്ചത്

അങ്ങേയറ്റം ഖേദകരമാണ്. ഇതിന്റെ ധാർമ്മികമായ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് എന്റെ മകൾക്ക് മാനേജ്മെന്റ് സീറ്റിൽ കിട്ടിയ അഡ്മിഷൻ ഉപേക്ഷിച്ചതായി സഭയെ അറിയിക്കുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ.എ. അസീസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയ ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തു പോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ:**

**(1) നിർത്തലാക്കിയ പദ്ധതികൾ**

ശ്രീ. എ. എ. അസീസ്: ഇൻഡ്യയിൽ 1952-ൽ നടപ്പിലാക്കിയ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് സ്കീമിൽ നാല് കോടിയിൽപ്പരം തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്. പല കാലഘട്ടങ്ങളിലായി കൊണ്ടുവന്ന നിയമഭേദഗതികൾമൂലം ഇതിലെ പല പദ്ധതികളും ഇന്ന് അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. പെൻഷൻ പദ്ധതി നടപ്പിലാക്കിയ സന്ദർഭത്തിൽ തൊഴിലാളികളുടെ സർവ്വീസ് മാനദണ്ഡമാക്കി കുറഞ്ഞ പെൻഷൻ തുക 500 രൂപയായി നിശ്ചയിച്ചിരുന്നു. പിന്നീട് നിയമഭേദഗതിയിലൂടെ ഹാജരിന്റെ അടിസ്ഥാനത്തിലാക്കുകയും കുറഞ്ഞ പെൻഷൻ തുക 500 രൂപ എന്നത് അട്ടിമറിക്കപ്പെടുകയും ചെയ്തു. പെൻഷണർക്ക് അനുവദിക്കപ്പെടുന്ന പെൻഷൻ തുകയുടെ മൂന്നിരട്ടി 100 മാസത്തേയ്ക്ക് അഡ്വാൻസായി എടുക്കാമെന്ന പദ്ധതി നിറുത്തലാക്കുകയും

അഡ്വാൻസ് എടുത്ത ആളുകളിൽ നിന്നും കാലാവധി കഴിഞ്ഞും തുക ഈടാക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. പെൻഷണർ മരണപ്പെട്ടാൽ അവകാശിക്ക് നൽകുന്ന ഡെത്ത് ഫണ്ട് ബെനിഫിറ്റ് സ്കീമും നിറുത്തലാക്കിയിരിക്കുകയാണ്. ഇതിൽ പ്രതിഷേധിച്ച് കേന്ദ്ര തൊഴിലാളി സംഘടനകൾ പ്രക്ഷോഭത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം നൽകി പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): 16-11-1995-ൽ നിലവിൽ വന്ന പുതുക്കിയ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് സ്കീമിൽ കേന്ദ്ര സർക്കാർ 26-09-2008-ൽ ഭേദഗതി വരുത്തിയതിന്റെ ഭാഗമായിട്ടാണ് പെൻഷൻ കമ്മ്യൂട്ടേഷനും റിട്ടേൺ ഓഫ് ക്യാപിറ്റലും ഒഴിവാക്കിയിട്ടുള്ളത്. പതിനായിരം കോടി രൂപ ആദ്യം കൺസോളിഡേറ്റഡ് ഫണ്ട് ഉണ്ടായിരുന്നപ്പോഴാണ് പഴയ ഫാമിലി പെൻഷൻ സ്കീമിൽനിന്നും മാറി കമ്മ്യൂട്ടഡ് പെൻഷന് രൂപം കൊടുത്തത്. അന്ന് പലിശനിരക്ക് വളരെ കൂടുതലായിരുന്നു. ആ ഇന്ററസ്റ്റിൽനിന്നാണ് ആനുകൂല്യങ്ങൾ വിതരണം ചെയ്തുകൊണ്ടിരുന്നത്. 1998-ലാണ് പുതിയ ആനുകൂല്യങ്ങൾ കൊടുത്തു തുടങ്ങിയത്. അതിനുശേഷം പലിശനിരക്ക് കുറഞ്ഞതിന്റെ ഫലമായി ഒരു അവലോകനം വന്നപ്പോൾ ഈ നിലയിൽ പോയാൽ പത്തുവർഷം കഴിഞ്ഞ് ഒരു ആനുകൂല്യവും നൽകാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടാകുമെന്ന് കണ്ടു. ഇപ്പോൾത്തന്നെ 70,000 കോടി രൂപയുടെ കമ്മിയിലാണ് ഇ.പി.എഫ്. നിലനിൽക്കുന്നത്. ഈ സ്കീമിന്റെ നടത്തിപ്പിനെപ്പറ്റി പഠിക്കുവാനും പുതിയ രീതിയിൽ ഈ പദ്ധതി വിഭാവനം ചെയ്യാനും നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ട് കേന്ദ്ര തൊഴിൽ

മന്ത്രാലയത്തിന്റെ സജീവ പരിഗണനയിലാണ്. ഇന്ത്യയിലാകെ ഇ.പി.എഫ് സ്കീമിൽ അഞ്ചുകോടി അംഗങ്ങളാണുള്ളത്. ഈ പദ്ധതി പ്രകാരം ഒരു മാസമെങ്കിലും സ്കീമിൽ അംഗമായിട്ടുള്ള തൊഴിലാളി മരണപ്പെട്ടാൽ കുടുംബത്തിലെ മൂന്ന് അംഗങ്ങൾക്ക് കുടുംബ പെൻഷന് അർഹതയുണ്ട്. ഇത് കോൺട്രിബ്യൂട്ടറി പെൻഷൻ ആയതുകൊണ്ട് കമ്മ്യൂട്ട് ചെയ്യുന്നവർക്ക് കമ്മ്യൂട്ടഡ് പിരീഡിനുശേഷം തിരിച്ച് ഫുൾ പെൻഷൻ കൊടുക്കുവാനുള്ള വ്യവസ്ഥ ഈ നിയമത്തിലില്ല. പെൻഷൻകാർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് ഈ വിഷയം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## (2) <u>വന്യമൃഗങ്ങളുടെ ആക്രമണം</u>

<u>ശ്രീ. സി. മോയിൻകുട്ടി:</u> 1940-50 കാലഘട്ടങ്ങളിൽ മലയോര പ്രദേശങ്ങളിൽ കുടിയേറി പാർത്ത കർഷകർ കാർഷിക വിളകൾക്കുണ്ടായ വ്യാപകമായ രോഗങ്ങളും കാട്ടുമൃഗങ്ങളുടെ ശല്യവും കാരണം ദുരിത പൂർണ്ണമായ അവസ്ഥയിലാണ് കഴിഞ്ഞുകൂടുന്നത്. വിളനാശം വരുത്തുന്നതും കർഷകരെ ആക്രമിക്കുന്നതുമായ കാട്ടുമൃഗങ്ങളെ വെടിവെച്ച് കൊന്ന് കത്തിച്ച് നശിപ്പിക്കുന്നതിനുള്ള അനുവാദം കർഷകർക്ക് ലഭിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക ബുദ്ധിമുട്ട് കാരണം അവർക്ക് അതിന് കഴിയാത്തതുകൊണ്ട് അവ സംസ്ക്കരിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. കാട്ടുമൃഗങ്ങളാൽ തകർക്കപ്പെട്ട വീടുകൾക്കും നശിപ്പിക്കപ്പെട്ട കൃഷിക്കും മതിയായ നഷ്ടപരിഹാരം ഗവൺമെന്റ് നൽകണം. കാട്ടുമൃഗങ്ങളെ വെടിവയ്ക്കുവാൻ നൽകിയ തോക്കുകൾ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ അവസരത്തിൽ പോലീസ് സ്റ്റേഷനിൽ ഹാജരാക്കിയിരുന്നത് തിരികെ കൊടുക്കണം.

കർഷകർക്ക് തോക്കുകൾ അനുവദിക്കുന്നതിന്റെ സാങ്കേതികത്വം പരമാവധി കുറയ്ക്കണം. കാട്ടാനകളുടെ ശല്യം നിയന്ത്രിക്കുന്നതിനായി കൽഭിത്തിയും ഇലക്ട്രിക് ഫെൻസിംഗും നിർമ്മിക്കുകയും അവ നിരീക്ഷിക്കുന്നതിനായി ഗാർഡുകളെ നിയോഗിക്കുകയും വേണം. ജെ.സി.ബി ഉപയോഗിച്ച് രണ്ടര മീറ്റർ ആഴത്തിലും വീതിയിലും കിടങ്ങ് കുഴിക്കുന്നതിനുള്ള നടപടി യുണ്ടാകണം. മൂന്ന് മാസത്തിലൊരിക്കൽ ഈ നടപടികൾ റിവ്യൂ ചെയ്യുകയും വേണം. പ്രകൃതി ക്ഷോഭംമൂലം കൃഷിനാശമുണ്ടാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്ന വിള ഇൻഷുറൻസ് പദ്ധതിയനുസരിച്ചുള്ള ആനുകൂല്യങ്ങൾ കാട്ടുമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിച്ച വർക്കുകൂടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): കഴിഞ്ഞ വർഷങ്ങളിലെ കണക്കനുസരിച്ച് കാട്ടുപന്നിയുടെ ആക്രമണത്തിൽ 24 പേരും പാമ്പുകടിയേറ്റ് 26 പേരും മരണപ്പെടുകയും 3299 സ്ഥലങ്ങളിൽ കൃഷിയിടങ്ങൾ നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണ ങ്ങളിൽ ജീവഹാനി സംഭവിക്കുന്നവർക്ക് മൂന്നുലക്ഷം രൂപയും പാമ്പുകടിയേൽക്കുന്നവർക്ക് ഒരു ലക്ഷം രൂപയും കൃഷി നഷ്ടപ്പെട്ടവർക്ക് 50,000 രൂപയും നഷ്ടപരിഹാരം അനുവദിക്കുന്നുണ്ട്. കർഷകരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതോടൊപ്പം പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിറുത്താൻ വന്യമൃഗങ്ങളേയും സംരക്ഷിക്കേണ്ട തുണ്ട്. കൃഷിയിടങ്ങളിൽ വിള നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊന്ന് സംസ്ക്കരിക്കുന്നതിന് കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്ന കാര്യം ഗവൺമെൻറ് പരിഗണിക്കുന്നതാണ്. വനമേഖലയുമായി ബന്ധപ്പെട്ട നിയമസഭാ മണ്ഡലങ്ങളിലെ എം.എൽ.എ.മാർ

ചെയർമാൻമാരായി റിവ്യൂ കമ്മിറ്റികൾ രൂപീകരിക്കുവാൻ ഗവൺമെന്റ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. കർഷകർക്ക് തോക്ക് അനുവദിക്കുന്ന കാര്യം മുഖ്യമന്ത്രി തീരുമാനിക്കേണ്ട വിഷയമാണ്. കാട്ടാനകളെ തടയുന്നതിനായി, ഇലക്ട്രിക് ഫെൻസിംഗ് കെട്ടുകയും കിടങ്ങ് കുഴിക്കുകയും ചെയ്യുന്നുണ്ട്. കെ.എഫ്.ആർ.ഐ.യുടെ ആഭിമുഖ്യത്തിൽ ഡെവലപ് ചെയ്തുകൊണ്ടിരിക്കുന്ന ഇൻഡോനേഷ്യൻ മുൾച്ചെടി ജൈവവേലിയായി വനപ്രദേശവുമായി ബന്ധപ്പെട്ടുകിടക്കുന്ന ഗ്രാമാതിർത്തികളിൽ സ്ഥാപിക്കുന്ന പദ്ധതി പഞ്ചായത്ത് വകുപ്പുമായി ആലോചിച്ച് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഇത് വളരെ മാരകമായ മുൾച്ചെടിയായതിനാൽ കാട്ടുപന്നികളേയും കാട്ടാനകളേയും തടയുന്നതിന് ഉപകാരപ്പെടും. കൂടുതൽ ശല്യം ചെയ്യുന്ന കാട്ടാനകളെ പരീക്ഷണാടിസ്ഥാനത്തിൽ കഴുത്തിൽ റേഡിയൽ കോളർ ഇട്ട് ആ ആന ഗ്രാമാതിർത്തിയിലേയ്ക്ക് വരുന്നോ എന്ന് സാറ്റലൈറ്റ് വഴി മനസ്സിലാക്കി അതിനെ തിരികെ വനത്തിലേയ്ക്ക് വിടാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുവാൻ റാപിഡ് റെസ്പോൺസ് യൂണിറ്റ് എന്ന പേരിൽ അഞ്ച് യൂണിറ്റുകൾ വയനാട്, പാലക്കാട്, നിലമ്പൂർ, കണ്ണൂർ, എന്നീ സ്ഥലങ്ങളിലും തെക്കൻ കേരളത്തിലുമായി രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ തിരുവനന്തപുരം ജില്ല ആറാമതായും ഉൾപ്പെടുത്തും. വനത്തിനുള്ളിൽ ആനകൾക്കും മറ്റ് മൃഗങ്ങൾക്കും ഭക്ഷണത്തിനുള്ള അവസരമൊരുക്കാനുള്ള പദ്ധതിയും ആവിഷ്ക്കരിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : കാട്ടുമൃഗങ്ങളുടെ ആക്രമണംമൂലം വനാതിർത്തിയിൽ ആളുകൾ കൊല്ലപ്പെടുകയും കാർഷിക വിളകൾക്ക്

നാശനഷ്ടങ്ങളുണ്ടാകുകയും ചെയ്യുന്നത് സർക്കാർ വളരെ ഗൗരവമായി ത്തന്നെ കാണുന്നുണ്ട്. കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുമന്ത്രിയുമായി ഈ പ്രശ്നം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ കൃഷിനാശത്തിനും മറ്റ് നാശനഷ്ടങ്ങൾക്കും വേണ്ടിയുള്ള നഷ്ടപരിഹാരത്തിനായി കേന്ദ്ര സർക്കാർ കൂടുതൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ജനങ്ങളുടെ സംരക്ഷണ ത്തിനുവേണ്ടി ചെയ്യാവുന്ന എല്ലാ നടപടികളും കൈക്കൊള്ളുന്നതാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : പ്രകൃതിക്ഷോഭംമൂലം കൃഷിനാശമുണ്ടാകുന്ന വർക്ക് നഷ്ടപരിഹാരം നൽകുന്ന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം കാട്ടു മൃഗങ്ങളുടെ ആകമണംമൂലം കൃഷി നശിച്ചവർക്കുകൂടി നഷ്ടപരിഹാരം നൽകുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ നാലാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച**
(തുടർച്ച)

ശ്രീ. സണ്ണി ജോസഫ് : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ശക്തമായ ജനവിധിയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് ഒരു ഭരണമാറ്റം

ഉണ്ടായിട്ടുള്ളത്. ജനക്ഷേമകരമായ യാതൊരു നടപടിയും സ്വീകരിക്കാതെ ബസ് ചാർജ്ജ്, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം മുതലായവ വർദ്ധിപ്പിച്ച് ജനജീവിതം ദുസ്സഹമാക്കിത്തീർത്ത ഒരു സർക്കാരാണ് ഇവിടെ ഭരിച്ചിരുന്നത്. കേരളത്തിലെ ക്രമസമാധാനരംഗം തകർന്ന കാലഘട്ടമായിരുന്നു അത്. പോലീസ് ഉദ്യോഗസ്ഥർക്ക് നിഷ്പക്ഷമായും നിയമാനുസൃതമായും പ്രവർത്തിക്കാനുള്ള അവസരം നൽകിയിരുന്നില്ല. ഈ സർക്കാർ ജനോപകാരപ്രദമായ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവിലൂടെ സംസ്ഥാന ഗവൺമെന്റിന് ലഭിക്കേണ്ട അധിക നികുതി വരുമാനം വേണ്ടെന്ന് വയ്ക്കാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ വെറും പ്രഖ്യാപനങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന സമീപന മാണ് സ്വീകരിച്ചത്. കർഷർക്ക് ആശ്വാസം നൽകാനെന്ന പേരിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രൂപം നൽകിയ കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം ലക്ഷ്യപ്രാപ്തിയിലെത്തിയില്ല. കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ച കടാശ്വാസ പദ്ധതിയിൽനിന്നുള്ള ആനുകൂല്യങ്ങൾ ഉപയോഗിച്ചാണ് കർഷകരുടെ കടബാധ്യതകൾ തീർക്കാനും കാർഷിക രംഗത്തെ പ്രശ്നങ്ങൾ ലഘൂകരിക്കാനും ആത്മഹത്യ പ്രവണത കുറയ്ക്കാനും കഴിഞ്ഞത്. മൂലംപിള്ളിയിൽ കുടിയിറക്കപ്പെട്ടവരുടെ പ്രശ്നപരിഹാരത്തിനുവേണ്ടി എടുത്ത നടപടികളും ചെങ്ങറ സമരത്തിന് പരിഹാരം ഉണ്ടാക്കാനുള്ള പരിശ്രമങ്ങളുമെല്ലാം പാവപ്പെട്ടവരോടുള്ള ഈ സർക്കാരിന്റെ സമീപനമാണ് വ്യക്തമാക്കുന്നത്. എൻഡോസൾഫാൻ ബാധിതർക്ക് അർഹമായ ധനസഹായം എത്തിക്കാനും വന്യജീവി ആക്രമണം തടയുന്നതിനും സ്വീകരിച്ച നടപടികൾ സ്വാഗതാർഹമാണ്.

മലബാറിലെ അവികസിത പ്രദേശങ്ങളിലടക്കം സന്തുലിതവും ശാസ്ത്രീയ വുമായ വികസന നയം എന്ന കാഴ്ചപ്പാടാണ് മലയോര വികസന അതോറിറ്റി എന്ന ആശയത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കുട്ടനാട്ടിൽ കൂടുതൽ കൊയ്ത്ത് യന്ത്രങ്ങൾ നൽകാനുള്ള നടപടി സ്വീകരിച്ചത് ആശ്വാസകരമാണ്.

ശ്രീ. ജി. സുധാകരൻ : നന്ദിപ്രമേയത്തെ എതിർക്കുന്നു. ഭരണഘടന യുടെ അന്ത:സത്തയ്ക്ക് നിരക്കാത്തതും കേരളീയരുടെ പ്രതീക്ഷകളെ തല്ലിത്തകർക്കുന്നതുമായ നയപ്രഖ്യാപന പ്രസംഗമാണ് ഗവർണ്ണർ നിയമ സഭയിൽ നടത്തിയിട്ടുള്ളത്. കഴിഞ്ഞ അഞ്ച് വർഷക്കാലം ക്രമസമാധാന നില തകരാറിലായെന്നും വിലക്കയറ്റവും വികസന മുരടിപ്പും കാരണം ജനജീവിതം ദുസ്സഹമായെന്നും നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞത് വസ്തുതകൾക്ക് നിരക്കാത്തതാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് ജനക്ഷേമ കരമായ ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടും അതൊന്നും കാണാതെ കഴിഞ്ഞ സർക്കാർ അഴിമതി നടത്തിയെന്ന് ആരോപിക്കുന്നത് അടിസ്ഥാന രഹിതമാണ്. സർക്കാരിന്റെ തെറ്റായ വിദ്യാഭ്യാസ നയങ്ങൾക്കെതിരെ സമരം ചെയ്യുന്ന വിദ്യാർത്ഥികളെ മർദ്ദിക്കുന്ന നടപടികൾ അവസാനിപ്പി ക്കുകയും ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുകയും വേണം. 'വിഷൻ 2010'-ൽ ഉൾപ്പെടുത്തിയിരുന്ന പദ്ധതികൾ പൂർത്തീകരിക്കാൻ നടപടിയെടുക്കണം. സഹകരണം, കയർ മേഖലകളിൽ പ്രഖ്യാപിച്ചിരിക്കുന്ന പദ്ധതികളേയും മലയാളം സർവ്വകലാ ശാല സ്ഥാപിക്കുന്നതിനേയും സ്വാഗതം ചെയ്യുന്നു.

<u>ശ്രീ. റ്റി.എ. അഹമ്മദ് കബീർ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. റവന്യു കമ്മി വർദ്ധിക്കുകയും റവന്യൂ ഗ്രോത്ത് കുറയുകയും ചെയ്യുന്ന അവസ്ഥയിൽ നിന്നും കേരളത്തെ രക്ഷപ്പെടുത്താൻ സർക്കാർ ബോധപൂർവ്വം ഇടപെടണം. ലോകത്ത് അംഗീകരിക്കപ്പെട്ട ആധുനിക സോഫ്റ്റ്‌വെയറുകൾ ഉപയോഗപ്പെടുത്തി പൊതുമേഖലയെ സുതാര്യമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണം. പ്രവാസി സമൂഹത്തിന്റെ സാമ്പത്തികശേഷിയും പ്രവർത്തനക്ഷമതയും സംസ്ഥാനത്തിന്റെ പുരോഗതിക്ക് ഫലപ്രദമായി ഉപയോഗിക്കണം. വിദേശത്തുനിന്നും തിരിച്ചു വരുന്നവരുടെ പുനരധിവാസത്തിനും വിദേശത്ത് മരണപ്പെടുന്ന പ്രവാസികളുടെ കുടുംബങ്ങളെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം. വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതി ഉറപ്പ് വരുത്തുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. വൈദ്യുതി മേഖലയിൽ എനർജി ഓഡിറ്റ് ഫലപ്രദമായി നടപ്പിലാക്കണം. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ പരമാവധി പ്രോത്സാഹിപ്പിക്കണം. ഒരു പ്രൊഫഷണൽ എനർജി സ്പെഷ്യലിസ്ററിനെ നിയമിച്ച് പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളും ഉപകരണങ്ങളും വികസിപ്പിക്കുകയും ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്ന വ്യാവസായിക സംരംഭമായി അനർട്ടിനെ മാറ്റണം. വിദ്യാലയങ്ങളിലും പൊതു സ്ഥാപനങ്ങളിലും സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉപകരണങ്ങൾ സ്ഥാപിക്കണം. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പരിഷ്ക്കരിക്കണം. ന്യൂനപക്ഷ ക്ഷേമവകുപ്പിന്റേയും ഡയറക്ട്രേറ്റിന്റേയും പ്രവർത്തനം കാര്യക്ഷമമാക്കുകയും ജില്ലാതല ഓഫീസുകൾ ആരംഭിക്കുകയും വേണം. പിന്നോക്ക വിഭാഗ ക്ഷേമവകുപ്പ് പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിൽനിന്ന് വേർതിരിക്കണം. കെട്ടിട നിർമ്മാണ മേഖലയിൽ അപകട

മരണങ്ങൾ ഒഴിവാക്കുന്നതിന് ലേബർ ഡിപ്പാർട്ട്മെന്റ് പ്രത്യേകം ശ്രദ്ധിക്കണം. സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങളുടെ ഉന്നമനത്തിനായി പദ്ധതി കളാവിഷ്ക്കരിക്കണം. കുടുംബി, വണിക വൈശ്യ സംഘം തുടങ്ങിയ ചെറിയ സമുദായങ്ങളുടെ ആവശ്യങ്ങൾക്ക് മതിയായ പരിഗണന നൽകണം. മലപ്പുറം ജില്ലയിൽ ആവശ്യാനുസരണം വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കണം.

ശ്രീ. കെ. രാജു: നന്ദിപ്രമേയത്തെ എതിർക്കുന്നു. നയപ്രഖ്യാപന പ്രസംഗത്തിൽ വ്യാവസായിക കാർഷിക മേഖലകളെ സംബന്ധിച്ച് യാതൊരു നയവും പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. എൽ.ഡി.എഫ്. ഭരണ കാലത്ത് തുടങ്ങിവച്ച ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയും തുടരുമോയെന്നുള്ള കാര്യം വ്യക്തമാക്കണം. നാൽപ്പതിനായിരം കോടി രൂപയുടെ റോഡ് വികസന പദ്ധതി സംബന്ധിച്ച് ഈ ഗവൺമെന്റിന്റെ സമീപനം വ്യക്തമാക്കണം. എൽ.ഡി.എഫ്. ഭരണകാലത്ത് പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുകയും നിത്യോപയോഗ സാധനങ്ങൾ റേഷൻ കടകളിലൂടെ വില കുറച്ച് കൊടുക്കുകയും ചെയ്തിരുന്ന നടപടി തുടരണം. മുൻ ഗവൺമെന്റിന്റെ ക്ഷേമപദ്ധതികളെ അവഗണിച്ച് ഈ ഗവൺമെന്റിന് മുന്നോട്ട് പോകാൻ കഴിയില്ല. കൃഷി നശിപ്പിക്കുന്ന വന്യമൃഗങ്ങളെ വെടിവയ്ക്കുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പ് ഇപ്പോൾ ഇറക്കിയിട്ടുള്ള ഉത്തരവ് പുന:പരിശോധിക്കണം.

ശ്രീ. മോൻസ് ജോസഫ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഗവൺമെന്റ് ഏറ്റെടുക്കാൻ പോകുന്ന പദ്ധതികളുടേയും നയസമീപനത്തിന്റെയും പ്രതിഫലനമാണ് നയപ്രഖ്യാപന പ്രസംഗം. ജനങ്ങൾ ആഗ്രഹിച്ച ഒരു ഭരണ മാറ്റമാണ് സംസ്ഥാനത്ത് ഉണ്ടായിരിക്കുന്നത്. മുൻ

ഗവൺമെന്റിന്റെ എല്ലാ നയങ്ങൾക്കുമെതിരായ സമീപനമല്ല സ്വീകരിക്കുന്നത് എന്നത് ജനപക്ഷത്തുനിൽക്കുന്ന ഒരു ഗവൺമെന്റിന്റെ ഉദാത്ത സമീപന മായി കാണണം. വികസന പ്രവർത്തനങ്ങളെ രാഷ്ട്രീയത്തിനതീതമായി കാണാനുള്ള നിലപാട് സ്വീകരിച്ചുകൊണ്ട് നല്ലതിനെ സ്വീകരിക്കുകയും തിരുത്തേണ്ടതിനെ തിരുത്തകയും ചെയ്ത് കേരളത്തെ പുരോഗതിയി ലേയ്ക്ക് നയിക്കേണ്ട വലിയ ഉത്തരവാദിത്വമാണ് പുതിയ ഗവൺമെന്റിനുള്ള ത്. സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾക്ക് ചുരുങ്ങിയ സമയം കൊണ്ട് ശാശ്വതമായ പരിഹാരമുണ്ടാക്കേണ്ടതുണ്ട്. അഭിമാനകരമായ തീരുമാനങ്ങളുമായി പുതിയ ദിശാബോധത്തോടെയാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നത്. കേരളത്തിന്റെ ത്വരിതവളർച്ചയ്ക്ക് വിജ്ഞാനസമ്പത്ത് അനിവാര്യമായതിനാൽ വിദ്യാഭ്യാസ രംഗം ഉന്നതനിലവാരം പുലർത്തി പരിപോഷിപ്പിക്കേണ്ടതാണ്. ഐ.ടി. മേഖലയുടെ പുരോഗതിക്കുവേണ്ടി ഒരു പ്രത്യേക പാക്കേജ് രൂപപ്പെടുത്തുന്നതോടൊപ്പം കാർഷിക മേഖലയുടെ വളർച്ചയ്ക്കുവേണ്ടി കുട്ടനാട് പാക്കേജും ഇടുക്കി പാക്കേജും പ്രാവർത്തികമാക്കണം. വിദ്യാഭ്യാസ മേഖലയിലുൾപ്പെടെ അഴിമതിരഹിത ഭരണം ഉറപ്പുവരുത്തണം.

<u>ശ്രീമതി ജമീലാ പ്രകാശം</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. നിത്യോപയോഗസാധനങ്ങൾക്കും മറ്റും നിയന്ത്രിത വില ഏർപ്പെടുത്തിയും മാവേലിസ്റ്റോറുകൾക്ക് സബ്സിഡി നൽകിയും പൊതുവിതരണരംഗം കാര്യക്ഷമമാക്കാൻ മുൻഗവൺമെന്റിന് സാധിച്ചു. മതസഹിഷ്ണുതയ്ക്ക് പുകൾപെറ്റ നമ്മുടെ നാട് തീവ്രവാദികളുടെ പരിശീലനക്കളരിയായി എന്ന തരത്തിൽ അപമാനകരമായ പ്രസ്താവന ഗവർണ്ണറെക്കൊണ്ട് നടത്തിച്ചത് ഖേദകരമാണ്. ഭീകരവാദത്തിന്റെ പേര് പറഞ്ഞുകൊണ്ട് നിരപരാധികളെ

വേട്ടയാടുന്ന സമീപനമാണ് ഈ സർക്കാർ ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കർണ്ണാടക ജയിലിൽ കഴിയുന്ന അബ്ദുൾ നാസർ മ്അദനിക്ക് മാനുഷിക പരിഗണന നൽകി വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. മുൻഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുകയും വ്യാവസായിക പുരോഗതി കൈവരിക്കുകയും ചെയ്തു. ഗതാഗത സൗകര്യം ഉറപ്പുവരുത്തുന്നതിന് കെ.എസ്.ആർ.ടി.സി.യെ ശക്തിപ്പെടുത്തണം. സ്വകാര്യ പങ്കാളിത്തം എന്നതിനുപകരമായി വ്യാപകമായ രീതിയിൽ മൂലധനം സ്വരൂപിച്ച് വിഴിഞ്ഞം പദ്ധതി പ്രാവർത്തികമാക്കണം.

<u>ശ്രീ. എ. എ.അസീസ്:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. കഴിഞ്ഞ അഞ്ചുവർഷത്തെ സൽഭരണത്തിന്റെ ഫലമായിട്ടാണ് നിയമസഭാ തെരഞ്ഞെ ടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് 68 സീറ്റ് ലഭിച്ചത്. കർഷക ആത്മഹത്യ പൂർണ്ണമായും അവസാനിപ്പിക്കാനും 18 ലക്ഷത്തോളം വരുന്ന പാവപ്പെട്ടവർക്ക് നൽകിയിരുന്ന ക്ഷേമപെൻഷനുകൾ 400 രൂപയായി വർദ്ധിപ്പിക്കാനും 70 ലക്ഷം കുടുംബങ്ങൾക്ക് രണ്ടുരൂപയ്ക്ക് അരി നൽകാനും കഴിഞ്ഞ ഗവൺമെന്റിന് സാധിച്ചിരുന്നു. എന്നാൽ മൂന്നുരൂപയ്ക്കും ഒരു രൂപയ്ക്കും അരി നൽകുമെന്നുള്ള കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകളുടെ തെരഞ്ഞെടുപ്പ് വാഗ്ദാനം പാലിച്ചിട്ടില്ല.

<u>ഡോ. കെ. ടി. ജലീൽ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. നിയമസഭാ തെരഞ്ഞെടുപ്പിലെ യു.ഡി.എഫ്.ന്റെ തിളക്കമറ്റ വിജയം പോലെ തന്നെയാണ് ഈ നയപ്രഖ്യാപന പ്രസംഗവും. സാധാരാണക്കാരുടെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും കാണാതെ അസത്യങ്ങളും അർദ്ധസത്യങ്ങളും

കൂട്ടിയിണക്കിയ ഒരു നന്ദിപ്രമേയ ചർച്ചയ്ക്കാണ് ഇവിടെ തുടക്കം കുറിച്ചിട്ടുള്ളത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തും സ്വാശ്രയകോളേജ് പ്രവേശനത്തിൽ 50:50 എന്ന അനുപാതം സ്വീകരിച്ചുവെങ്കിലും സംവരണം പാലിക്കപ്പെട്ടിരുന്നില്ല. മെറിറ്റിൽ പ്രവേശിപ്പിക്കപ്പെട്ട 50 ശതമാനത്തിലെ വിദ്യാർത്ഥികൾ മാനേജുമെന്റ് ക്വാട്ടയിലെ ഫീസ് നൽകണമായിരുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 15-ൽ 11 സ്വാശ്രയ മെഡിക്കൽ കോളേജുകളും സർക്കാരുമായി ധാരണയിൽ ഒപ്പുവയ്ക്കുകയും മെറിറ്റിൽ അഡ്മിഷൻ ലഭിച്ചവർക്ക് സർക്കാർ നിശ്ചയിച്ച ഫീസ് അടയ്ക്കാനുള്ള സാഹചര്യമൊരുക്കുകയും ചെയ്തിരുന്നു. ഇന്ന് എന്തുകൊണ്ടാണ് സർക്കാരിന് അത് സാധ്യമാകാതെ വരുന്നതെന്ന് വ്യക്തമാക്കണം. സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ നിയമനിർമ്മാണം കൊണ്ടുവരുന്നത് സ്വാഗതാർഹമാണ്. സ്വാശ്രയമേഖലയിലെ മാനേജുമെന്റ് ക്വാട്ടയിൽ മക്കളെ പഠിപ്പിക്കില്ല എന്ന് സഭയിലെ ഓരോ അംഗവും തീരുമാനമെടുക്കണം. സത്യസന്ധരായ ഭരണാധികാരികൾ നടപ്പിലാക്കുന്ന പരിഷ്ക്കാരങ്ങൾ സമൂഹം അംഗീകരിക്കും. ഈ സർക്കാർ 100 ദിന പരിപാടിയിൽ ഉദ്ഘാടനം ചെയ്യുന്ന പദ്ധതികളെല്ലാം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചവയാണ്. കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞ സർക്കാരിന് സാധിച്ചു. സംസ്ഥാനത്ത് തീവ്രവാദ-ഭീകര പ്രവർത്തനങ്ങൾ വർദ്ധിക്കുന്നുവെന്ന് പറയുന്നത് ശരിയല്ല. കഴിഞ്ഞ അഞ്ചുവർഷം വർഗ്ഗീയ കലാപമോ മത സംഘർഷമോ സംസ്ഥാനത്തുണ്ടായിട്ടില്ല. മത സാമുദായിക ബന്ധങ്ങളുടെ

ഊഷ്മളത കാത്തുസൂക്ഷിച്ചുകൊണ്ടാണ് കഴിഞ്ഞ അഞ്ചുവർഷം കടന്നുപോയത്.

ശ്രീ. എസ്. ശർമ്മ: നന്ദിപ്രമേയത്തെ എതിർക്കുന്നു. അടിസ്ഥാനപരമായി ഒരു നയപ്രഖ്യാപന പ്രസംഗമല്ല ഇവിടെ നടത്തിയിട്ടുള്ളത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. എൽ.ഡി.എഫ്.നെതിരായി ഉയർത്തിക്കൊണ്ടുവന്ന വിമർശനങ്ങളാണ് പ്രസംഗത്തിൽ എഴുതിച്ചേർത്തിരിക്കുന്നത്. കേരളത്തിലെ ജനവിധി മനസ്സിലാക്കി ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നേടിയെടു ക്കുന്നതിനും വേണ്ടിയുള്ള ക്രിയാത്മക പ്രതിപക്ഷമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രവർത്തിക്കും. ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെ അംഗീകരിക്കുന്നതിനും തെറ്റുകളെ നിശിതവും കർശനവുമായ വിമർശനങ്ങളിലൂടെ തിരുത്തിക്കുന്നതിനും പ്രതിപക്ഷത്തിന് മടിയില്ല. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള മൂലംപിള്ളി കുടിയൊഴിപ്പിക്കൽ പ്രശ്നത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് 326 കുടുംബ ങ്ങളിൽ 307 കുടുംബങ്ങൾക്കും പട്ടയം കൊടുത്തു. പതിനേഴ് കുടുംബങ്ങളു ടെ കേസ്സുകൾ ഹൈക്കോടതിയിലാണ്. രണ്ട് കുടുംബങ്ങൾക്ക് ഈ ഗവൺമെന്റ് വന്ന ശേഷം പട്ടയം നൽകി. വീടുവയ്ക്കുന്നതിന് പൈലിംഗിന് അഡീഷണൽ സാമ്പത്തിക സഹായം നൽകുകയും ഇത്തരം പ്രശ്നങ്ങളിൽ എൽ.ഡി.എഫ്. ഗവൺമെന്റ് ഉറച്ച നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന യാഥാർത്ഥ്യം മനസ്സിലാക്കണം. സത്യങ്ങൾ വിസ്മരിച്ചുകൊണ്ടുള്ള പ്രചരണം ശരിയല്ല. അഴിമതിയെക്കുറിച്ച് പറയാനുള്ള ധാർമ്മിക അവകാശം യു.ഡി.എഫ്. ഗവൺമെന്റിനില്ല. എണ്ണ വിലവർദ്ധനവിലൂടെ ലഭിക്കുന്ന അധിക നികുതി വേണ്ട എന്ന നിലപാടിനെ

അംഗീകരിക്കുന്നു. വിലക്കയറ്റമുണ്ടാക്കുന്ന കേന്ദ്ര സാമ്പത്തിക നയം തെറ്റാണെന്ന് പറയാൻ സംസ്ഥാനത്തെ ഗവൺമെന്റിന് കഴിയണം. സ്മാർട്ട്സിറ്റിയുടെ കാര്യത്തിൽ കേരള ഗവൺമെന്റുമായി ഉണ്ടാക്കിയ കരാറിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും നിർദ്ദിഷ്ട ഐ.ടി. സെസ്സിന്റെ സ്ഥാനത്ത് മൾട്ടി സർവ്വീസ് സെസ്സാക്കി മാറ്റുന്നതിന് ടീകോം-ന് അനുവാദം കൊടുത്തിട്ടുണ്ടോ എന്നും വ്യക്തമാക്കണം. കടാശ്വാസ കമ്മീഷന്റെ നടപടി പൂർത്തീകരിക്കുന്നതുവരെ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികൾ സഹകരണ സംഘങ്ങളിൽനിന്നെടുത്തിട്ടുള്ള വായ്പയിന്മേലുള്ള ജപ്തിനടപടി നിറുത്തിവയ്ക്കുകയും മൊറട്ടോറിയം തുടരുകയും ചെയ്യണം.

<u>ശ്രീ. എം.പി. വിൻസെന്റ്</u> : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ദിശാബോധമുള്ളതും കർമ്മനിരതവും ജനപക്ഷത്തുനിൽക്കുന്നതുമായ സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്. മുഖ്യമന്ത്രിയുടെ ഓഫീസ് 24 മണിക്കൂറും തുറന്നു പ്രവർത്തിക്കുന്നതിനുള്ള തീരുമാനം സ്വാഗതാർഹമാണ്. 100 ദിന കർമ്മപരിപാടിയിലൂടെ സർക്കാരിന്റെ പ്രതിബദ്ധത ജനങ്ങളെ അറിയിച്ചുകഴിഞ്ഞു. ചടുലമായ പ്രവർത്തനശൈലിയിലൂടെ ജനമനസ്സുകളിൽ ഈ സർക്കാർ ചിരപ്രതിഷ്ഠ നേടിക്കഴിഞ്ഞു. 50:50 എന്ന അനുപാതം കാറ്റിൽപ്പറത്തി പരിയാരം മെഡിക്കൽ കോളേജ് അഡ്മിഷനിൽ കോടികളുടെ തട്ടിപ്പാണ് നടത്തിയിട്ടുള്ളത്. വ്യക്തമായ ഭൂരിപക്ഷത്തോടു കൂടിയാണ് യു.ഡി.എഫ്. സർക്കാരിന് ഭരിക്കാൻ അവസരം ലഭിച്ചിട്ടുള്ളത്. മൂലംപിള്ളി പ്രശ്നത്തിന് പരിഹാരം കണ്ടതും എൻഡോസൾഫാൻ ദുരിത ബാധിതർക്ക് സമാശ്വാസ പദ്ധതി ആവിഷ്ക്കരിച്ചതും അഭിനന്ദനാർഹമാണ്. ഐ.ടി. വികസന പദ്ധതിക്ക് ആരംഭം കുറിക്കാനും പ്രവാസികൾക്കായി

നോർക്ക സെന്റർ തുടങ്ങുന്നതിനും നടപടി സ്വീകരിച്ചു. എക്സൈസ് വകുപ്പിനെ സാമൂഹ്യ പ്രതിബദ്ധതയുള്ള വകുപ്പാക്കി മാറ്റാനുള്ള നടപടി സ്വാഗതാർഹമാണ്. ക്യാൻസർ ചികിൽസയ്ക്കുള്ള മരുന്നിന്റെ വില കുറയ്ക്കുമെന്ന പ്രഖ്യാപനം അങ്ങേയറ്റം ആശ്വാസകരമാണ്. കൂട്ടുത്തര വാദിത്വമുള്ള ഒരു ഗവൺമെന്റാണ് ഇപ്പോൾ കേരളം ഭരിക്കുന്നത്. കേരളത്തിന്റെ വികസനത്തിനായി മുൻ രാഷ്ട്രപതി അവതരിപ്പിച്ച കർമ്മ പദ്ധതിയിൽ ഒന്നുപോലും നടപ്പിലാക്കാൻ കഴിഞ്ഞ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഈ ഭരണത്തിന്റെ പ്രധാനപ്പെട്ട മുദ്രാവാക്യം വികസനവും കരുതലുമാണ്. 'അതിവേഗം ബഹുദൂര'ത്തിലെത്തുവാൻ സർക്കാർ നടത്തുന്ന ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. അഴിമതിയും വികസനത്തിന്റെ കാലതാമസവും ഇല്ലാതാക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : നന്ദിപ്രമേയത്തെ എതിർക്കുന്നു. ഈ നന്ദിപ്രമേയത്തിൽ ഐക്യജനാധിപത്യ മുന്നണിയെക്കുറിച്ചും സർക്കാരിനെക്കുറിച്ചും ശുഭാപ്തി വിശ്വാസം പ്രകടിപ്പിച്ചിരിക്കുകയാണ്. ചെറിയ ഭൂരിപക്ഷമാണുള്ളതെന്നതുകൊണ്ട് ഗവൺമെന്റ് ദുർബലമാകണമെന്നില്ല. കേരളത്തിലെ ഒരു ഗവൺമെന്റിനെയും അനാവശ്യമാർഗ്ഗങ്ങളിലൂടെ എൽ.ഡി.എഫ്. പുറത്താക്കിയിട്ടില്ല. ചരിത്രം പരിശോധിച്ചാൽ, കോൺഗ്രസ്സിനകത്തെ അന്ത:ച്ഛിദ്രങ്ങൾ കാരണമാണ് ഭൂരിപക്ഷമുള്ള കോൺഗ്രസ്സ് ഗവൺമെന്റുകൾ കാലാവധി പൂർത്തിയാകാതെ ഇറങ്ങിപ്പോയതെന്ന് മനസ്സിലാക്കാൻ സാധിക്കും. കേന്ദ്രത്തിൽ പ്രാദേശിക രാഷ്ടീയ കക്ഷികളുടെ സഹായത്തോടുകൂടി നിർബാധം അഴിമതി നടത്താൻ അനുവദിച്ചുകൊണ്ട് ഭരിക്കുന്ന കോൺഗ്രസ്സിന്റെ ഒരു ഘടകം സംസ്ഥാനത്ത് അഴിമതിരഹിത ഭരണം കാഴ്ചവയ്ക്കുമെന്നും വികസനം കൊണ്ടു

വരുമെന്നും പറയുന്നത് അവിശ്വസനീയമാണ്. നാഷണൽ സാമ്പിൾസ് സർവ്വേ ഓർഗനൈസേഷന്റെ കണക്കനുസരിച്ച് രാജ്യത്ത് തൊഴിലവസരങ്ങൾ കുറഞ്ഞത് യു.പി.എ. ഗവൺമെന്റിന്റെ കാലത്താണെന്ന് കാണാൻ സാധിക്കും. ഗവർണ്ണറുടെ ഈ പ്രസംഗത്തിലെ പ്രഖ്യാപനങ്ങൾ നടപ്പിലാക്കാനോ പൂർത്തീകരിക്കാനോ കഴിയാത്ത ഗവൺമെന്റായിരിക്കും ഇത്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് അവസരമൊരുക്കുന്ന ഒട്ടേറെ പദ്ധതികൾ യു.ഡി.എഫ്. ഗവൺമെന്റ് ആവിഷ്ക്കരിച്ചിരുന്നുവെങ്കിലും അതൊന്നും നടപ്പിലാക്കാൻ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. സ്മാർട്ട് സിറ്റി പദ്ധതി, വിഴിഞ്ഞം തുറമുഖ നിർമ്മാണം, കൊച്ചി മെട്രോ പദ്ധതി തുടങ്ങിയവയ്ക്ക് പുനർജന്മം നൽകാനുള്ള പ്രഖ്യാപനങ്ങളാണ് ഇപ്പോൾ ഗവർണ്ണർ നടത്തിയിട്ടുള്ളത്. കഴിഞ്ഞ അഞ്ചുവർഷത്തെ ഭരണം കേരളത്തിന്റെ കടബാധ്യത വർദ്ധിപ്പിച്ചിരിക്കുകയാണ്. സ്മാർട്ട് സിറ്റി കരാർ അകാരണമായി നീട്ടിക്കൊണ്ടുപോയി എന്നുമാത്രമല്ല ഐ.ടി. മേഖലയിൽ കേരളത്തിന്റെ വികസനം പിന്നോക്കം പോകുകയും ചെയ്തു. സച്ചാർ കമ്മിറ്റിയെ ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിനായി വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്താൻ സാധിച്ചില്ല. കേരളം വിദ്യാഭ്യാസ രംഗത്ത് നേടിയ പുരോഗതിയിൽ ഈ വകുപ്പ് മികച്ച രീതിയിൽ കൂടുതൽകാലം കൈകാര്യം ചെയ്ത മുസ്ലീം ലീഗിന് അഭിമാനിക്കാവുന്നതാണ്. കണ്ണൂർ, കോഴിക്കോട്, സംസ്കൃത സർവ്വകലാശാലകൾ ആരംഭിച്ച യു.ഡി.എഫ്. സർക്കാർ ഇപ്പോൾ മലയാളം സർവ്വകലാശാല ആരംഭിക്കാൻ പോകുന്നത് ശ്ലാഘനീയമാണ്. മുൻ ഭരണകാലങ്ങളിൽ ആഭ്യന്തര

വകുപ്പിനെ ദുർവിനിയോഗം ചെയ്ത എൽ.ഡി.എഫ്.-ന് സ്വാശ്രയ പ്രശ്നത്തിൽ ഇപ്പോൾ പോലീസ് ഇടപെട്ടുവെന്ന് പറയാൻ യാതൊരു അവകാശവുമില്ല.

ശ്രീ. എളമരം കരീം: നന്ദിപ്രമേയത്തെ എതിർക്കുന്നു. നയപ്രഖ്യാപന പ്രസംഗം കേരളത്തിന്റെ യഥാർത്ഥ പ്രശ്നങ്ങളിലേയ്ക്ക് കടക്കാനുതകുന്നതോ സർക്കാരിന് ദിശാബോധം നൽകുന്നതോ അല്ല. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞടുപ്പിലും പഞ്ചായത്ത് തെരഞ്ഞെടുപ്പിലും കോൺഗ്രസ്സിന് ലഭിച്ച ഭൂരിപക്ഷത്തിൽ നിന്നും വ്യത്യസ്തമായി വളരെ മോശപ്പെട്ട ഭൂരിപക്ഷമാണ് നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന് ലഭിച്ചിട്ടുള്ളത്. ജാതി-മത സംഘടനകളുമായുള്ള അവിശുദ്ധ കൂട്ടുകെട്ടിന്റെ ഫലമായിട്ടാണ് യു.ഡി.എഫ്. സർക്കാർ ഇപ്പോൾ അധികാരത്തിലേറിയിട്ടുള്ളത്. യു.ഡി.എഫ്. സർക്കാരിന് സുസ്ഥിരമായ ഭരണം കാഴ്ചവയ്ക്കാൻ സാധിക്കുമോയെന്നത് സംശയകരമാണ്. അഴിമതിയും ജനവിരുദ്ധ നയങ്ങളുമായി ദുർഭരണം കാഴ്ചവച്ച കോൺഗ്രസ് ദേശീയ രാഷ്ട്രീയത്തിൽ ഒറ്റപ്പെട്ടുവരികയാണ്. പൊതുവിദ്യാഭ്യാസം തകർക്കുന്ന നയമാണ് യു.ഡി.എഫ്.-ന്റേത്. മുലംപിള്ളി പാക്കേജ്, സ്വത്ത് വെളിപ്പെടുത്തൽ, നൂറ് ദിന കർമ്മപരിപാടി തുടങ്ങിയ പ്രഖ്യാപനങ്ങളെല്ലാം യു.ഡി.എഫ്.-ന്റെ പൊള്ളത്തരങ്ങൾ മാത്രമാണ്. എൽ.ഡി.എഫ്. ഭരണകാലത്ത് ആരംഭിച്ച പല പദ്ധതികളുടെയും അവകാശവാദങ്ങൾ ഉന്നയിക്കുക മാത്രമാണ് ഈ നയപ്രഖ്യാപനത്തിലൂടെ ചെയ്തിട്ടുള്ളത്. നൂറ് ദിന കർമ്മപരിപാടിക്ക് ദിശാബോധം ഇല്ല. പാലക്കാട് കോച്ച് ഫാക്ടറി, ഐ.ഐ.ടി., വിവിധ ക്ഷേമ പദ്ധതികൾ എന്നിവയെക്കുറിച്ചൊന്നും നയപ്രഖ്യാപന

ത്തിൽ പരാമർശിച്ചിട്ടില്ല. കഴിഞ്ഞ സർക്കാർ തുടങ്ങിവച്ച വിവിധ ക്ഷേമപദ്ധതികൾ തുടരാൻ നടപടി സ്വീകരിക്കണം.

ശ്രീ. ഹൈബി ഈഡൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. മറ്റ് സംസ്ഥാന നിയമസഭകളിൽനിന്നും വ്യത്യസ്തമായി പരിചയ സമ്പന്നതയും യുവത്വവും ഒരുമിച്ചുചേർന്ന പ്രത്യേകതകളുള്ള ഒരു മാതൃകാസഭയായി ഈ നിയമസഭയെ കാണുകയാണ്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനെ മാധ്യമങ്ങൾ വലിയതോതിൽ സ്വാധീനിച്ചിട്ടുണ്ടെങ്കിലും ദൗർഭാഗ്യവശാൽ കേരളത്തിന്റെ വികസനത്തെ സംബന്ധിച്ച ഒരു ചർച്ച പോലും നടന്നിട്ടില്ല. സസ്റ്റെയ്നബിൾ ഡെവലപ്മെന്റ് എന്ന ആശയമാണ് ഈ സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ചുരുങ്ങിയ കാലം കൊണ്ടുതന്നെ സ്മാർട്ട് സിറ്റി പദ്ധതി പുനരാരംഭിക്കുന്നതിനും മൂലംപിള്ളി പാക്കേജ് നടപ്പിലാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഭരണത്തിലെ സുതാര്യത ഉറപ്പുവരുത്തുന്നതിൽ വിവരാവകാശ നിയമം സഹായകമായിരിക്കും. കഴിഞ്ഞ അഞ്ച് വർഷക്കാലം തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതികൾ മാത്രമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരുന്നത്. മെഡിക്കൽ പി.ജി. എൻട്രൻസ് പരീക്ഷയുടെ റിസൾട്ടും നോട്ടിഫിക്കേഷനും വന്ന് മൂന്ന് മാസം കഴിഞ്ഞിട്ടും അലോട്ട്മെന്റ് നടത്താൻ കഴിയാത്തത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പരാജയമാണ്. സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായി സ്വാശ്രയ വിദ്യാഭ്യാസ പ്രശ്നം തീർപ്പാക്കാനാണ് ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്ക്കൂളുകൾക്ക് എൻ.ഒ.സി. നൽകുമ്പോൾ കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുന്ന ഒരു നിലപാട് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കേണ്ടതാണ്. കേരളത്തിലെ

മാലിന്യ നിർമ്മാർജ്ജനത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ നടപടികൾ സ്വീകരിക്കണം.

ശ്രീമതി കെ.എസ്. സലീഖ: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിലെത്തിയ ഉടൻ നൂറ് ദിന കർമ്മപരിപാടി പ്രഖ്യാപിച്ചതുവഴി നയപ്രഖ്യാപനം വെറുമൊരു പ്രഹസനമായി മാറിയിരിക്കുകയാണ്. രാജ്യത്ത് തൊഴിലില്ലായ്മയും വിലക്കയറ്റവും രൂക്ഷമായിരിക്കുന്നു. ആസൂത്രണവും നിർവ്വഹണവും ഗവൺമെന്റ് തലത്തിൽ നിന്ന് സ്വകാര്യ മേഖലയ്ക്ക് കൈമാറുന്ന കേന്ദ്ര ഗവൺമെന്റിന്റെ സമീപനം കേരളം പിൻതുടരരുത്. കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്ക് ബദലായി നിന്നതു കൊണ്ടാണ് കേരളത്തിലെ കാർഷിക മേഖലയെ സംരക്ഷിക്കാനും കർഷക ആത്മഹത്യയില്ലാതാക്കാനും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് സാധിച്ചത്. കേരളത്തിന്റെ വ്യാവസായിക മേഖലയിലും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വലിയ മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളത്. വളരെ പ്രമാദമായ കേസ്സുകളിൽപ്പോലും കുറ്റവാളികളെ കണ്ടെത്താനും മാതൃകാപരമായി ശിക്ഷിക്കാനും ക്രമസമാധാന രംഗത്ത് ക്രിയാത്മകമായി ഇടപെടാനും കഴിഞ്ഞ ഗവൺമെന്റിന് സാധിച്ചു. രാജ്യത്തെ ഏറ്റവും മികച്ച ആഭ്യന്തര ഭരണത്തിനുള്ള അംഗീകാരമായി കേന്ദ്ര ഗവൺമെന്റിന്റെ അവാർഡുൾപ്പെടെ കേരളത്തിന് ലഭിച്ചത് ചെറിയ കാര്യമല്ല. ജനകീയ പോലീസ് സംവിധാനം രാജ്യവ്യാപകമായി പ്രശംസിക്കപ്പെട്ടിരുന്ന സ്ഥാനത്ത് ഇപ്പോൾ സ്ത്രീകൾക്ക് സഞ്ചാര സ്വാതന്ത്ര്യം പോലും നഷ്ടപ്പെടുന്ന അവസ്ഥയാണ് സംജാതമായിക്കൊണ്ടിരിക്കുന്നത്. കേരളം കടക്കെണിയിലാണെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത് സത്യവിരുദ്ധമാണ്. ജനങ്ങളുടെ ആനുകൂല്യങ്ങൾ നിലനിറുത്തിക്കൊണ്ട് ചെലവു

ചുരുക്കൽ ഇല്ലാതെ വികസന പ്രവർത്തനങ്ങളും ക്ഷേമ പ്രവർത്തനങ്ങളും നടത്തിയിട്ടുള്ള ഒരു ഗവൺമെന്റാണ് കഴിഞ്ഞ 5 വർഷക്കാലം ഇവിടെ യുണ്ടായിരുന്നത്. ഒരു ദിവസം പോലും ട്രഷറി പൂട്ടേണ്ടി വന്നിട്ടില്ല. കടത്തിന്റെ വർദ്ധനവ് 33.56 ശതമാനമാനത്തിൽ നിന്ന് 29.2 ശതമാനമായി കുറയ്ക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞു. കഴിഞ്ഞ 5 വർഷം കൊണ്ട് 33685 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും 164390 നിയമനങ്ങൾ നടത്തുകയും ചെയ്തു. പാചക വാതകത്തിന്റെയും മണ്ണെണ്ണ യുടെയും വിലയിൽ വന്നിട്ടുള്ള വർദ്ധന കുറയ്ക്കുന്നതിന് സബ്സിഡി അനുവദിക്കാൻ ഗവൺമെന്റ് തയ്യാറാകണം. തദ്ദേശ സ്വയംഭരണ വകുപ്പ് വിഭജിച്ച നടപടി അപ്രായോഗികമാണ്. മെഡിക്കൽ കോളേജ് അധ്യാപക ർക്ക് സ്വകാര്യ പ്രാക്ടീസ് അനുവദിക്കുന്ന നടപടി പുന:പരിശോധിക്കണം. പുതിയ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം കൊടുക്കാനുള്ള തീരുമാനം പൊതുവിദ്യാഭ്യാസത്തെ തകർക്കാൻ മാത്രമേ സഹായകമാകൂ.

ശ്രീ. പി.കെ. ബഷീർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഇടത്തരക്കാർക്കുകൂടി കുറഞ്ഞ വിലയ്ക്ക് അരി നൽകാനുള്ള നടപടി യുണ്ടാകണം. സ്വാശ്രയപ്രശ്നത്തിൽ എല്ലാവർക്കും സ്വീകാര്യമായതും സാമൂഹ്യനീതി ഉറപ്പാക്കുന്നതുമായ പരിഹാര നടപടിയുണ്ടാകണം. ഇതിന് പ്രതിപക്ഷത്തിന്റെ ആത്മാർത്ഥ സഹകരണം വേണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. എൻഡോ സൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്ക് ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും മരിച്ചവരുടെ കുടുംബ

ങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും മുൻകൈയെടുത്തത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. ഇക്കാര്യത്തെക്കുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ പരമാർശിക്കാത്തത് ഖേദകരമാണ്. കേരളാ മോഡൽ പൊതു വിതരണ സമ്പ്രദായം നിലനിർത്തിക്കൊണ്ടുപോകുന്നതിൽ എൽ.ഡി.എഫ്. ഗവൺമെന്റ് ശ്ലാഘനീയമായ പങ്കാണ് വഹിച്ചിട്ടുള്ളത്. എന്നാൽ യു.ഡി. എഫ്. സർക്കാർ അധികാരമേറ്റതോടെ വില്ലേജ് ഓഫീസുകളിൽനിന്നും പഞ്ചായത്ത് ഓഫീസുകളിൽനിന്നും ഹാജരാക്കുന്ന സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ മാത്രമേ രണ്ടുരൂപയ്ക്ക് അരി ലഭ്യമാകൂ എന്നുള്ള അവസ്ഥയാണ്. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് എൻ.ഒ.സി. കൊടുക്കുന്നതിലൂടെ ഗവൺമെന്റ് പൊതു വിദ്യാഭ്യാസ രംഗത്തെ തകർക്കാനാണ് ശ്രമിക്കുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റ് മലബാർ പാക്കേജിലൂടെ കോടിക്കണക്കിന് രൂപയുടെ പുതിയ പദ്ധതികൾ പ്രഖ്യാപിക്കുകയും ധാരാളം റോഡുകളും പാലങ്ങളും കെട്ടിട ങ്ങളും നിർമ്മിക്കുകയും ചെയ്തു. താഴെത്തട്ടിലുള്ള ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പിലാക്കിയ ക്ഷേമപെൻഷൻ പദ്ധതി കളുടെ ആനുകൂല്യങ്ങൾ പരിശോധിച്ചാൽ കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക വികസന കാര്യത്തിൽ ഗവൺമെന്റ് മാതൃകാപരമായ പ്രവർത്ത നങ്ങളാണ് കാഴ്ചവച്ചിട്ടുള്ളതെന്ന് കാണാൻ കഴിയും. അഴിമതി അവസാനി പ്പിക്കുന്നതിന് മുൻകൈയെടുക്കണം. കേരള നിയമസഭ ധാരാളം നിയമ നിർമ്മാണങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ലോക്പാൽ ബില്ലുമായി ബന്ധപ്പെട്ട് ഈ സഭയ്ക്ക് വളരെ വിലപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കഴിയണം. ഇലക്ഷൻ റിഫോംസിന്റേയും ജുഡീഷ്യൽ റിഫോംസിന്റേയും

കാര്യത്തിൽ ആവശ്യമായ നിയമനിർമ്മാണം നടത്തണം. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ സജീവ പരിഗണനയിൽ കൊണ്ടുവരണം.

ശ്രീ. ബെന്നി ബെഹനാൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. അഴിമതിയും അധാർമ്മികതയും അന്യായവും അഴിഞ്ഞാടിയ അധികാര രാഷ്ട്രീയത്തിന് അറുതി വരുത്തിക്കൊണ്ടാണ് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നത്. എൽ.ഡി.എഫ്. ഗവൺമെന്റ് സാമ്പത്തികമേഖലയെ തകർക്കുകയും ഖജനാവ് കാലിയാക്കുകയും ചെയ്തു. സ്വാശ്രയ മേഖലയിലുണ്ടായിട്ടുള്ള പ്രശ്നങ്ങളുടെ ഉത്തരവാദിത്വം പുതിയ സർക്കാരിന്റെമേൽ കെട്ടിവയ്ക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. 2006-ലെ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. ഗവൺമെന്റിന് ലഭിച്ച വൻ ഭൂരിപക്ഷം ഇപ്പോൾ കുറയാനിടയായ സാഹചര്യം വ്യക്തമാക്കണം. എൽ.ഡി.എഫ്.-ലെ ഐക്യമില്ലായ്മ കാരണം പല ഘടകകക്ഷികളും ഐക്യജനാധിപത്യമുന്നണിയിൽ ചേക്കേറി. നിയമസഭാ തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യ മുന്നണിയെ വിജയിപ്പിച്ച ജനങ്ങളോടുള്ള ഉത്തരവാദിത്വം ഗവൺമെന്റ് നിർവ്വഹിക്കും. ബംഗാളിലും കേരളത്തിലും മാർക്സിസ്റ്റ് പാർട്ടിക്കുണ്ടായ പരാജയം പ്രതിപക്ഷം ഉൾക്കൊള്ളണം. കഴിഞ്ഞ നാല് വർഷമായിട്ടും പരിഹരിക്കാൻ കഴിയാതിരുന്ന മൂലംപിള്ളി പ്രശ്നത്തിന് പരിഹാരം കാണാനും എൻഡോസൾഫാൻ ദുരിതബാധിതർക്ക് ധനസഹായം എത്തിച്ചുകൊടുക്കാനും യു.ഡി.എഫ്. ഗവൺമെന്റിന് സാധിച്ചു. മെട്രോ റെയിൽ പദ്ധതിയും സ്മാർട്ട് സിറ്റി പദ്ധതിയും പ്രവർത്തനക്ഷമമാകാൻ പോകുകയാണ്. കേരളത്തിൽ മലയാള ഭാഷാ യൂണിവേഴ്സിറ്റി ആരംഭിക്കുന്നത് സ്വാഗതാർഹമാണ്. മൂന്നാർ കയ്യേറ്റ ഭൂമി ഒഴിപ്പിച്ചെടുക്കുവാൻ നടപടി സ്വീകരിക്കാൻ കഴിഞ്ഞു.

ശ്രീ. എം. എ. ബേബി: നന്ദിപ്രമേയത്തെ എതിർക്കുന്നു. അയഥാർത്ഥമായ ഒരു നയപ്രഖ്യാപനമാണ് ഇവിടെ നടത്തിയത്. ഇന്ന് കേരളത്തിൽ കോൺഗ്രസ് ജാതി-മത ശക്തികളുടെ ഒരു കോൺഫെഡറേഷനായി മാറിയിരിക്കുന്നു. ഇടതുപക്ഷത്തിന്റെ കൂടി ഇടപെടലിന്റെ ഫലമായി തൊഴിലുറപ്പ് പദ്ധതിയും റൈറ്റ് ടു ഇൻഫർമേഷൻ ആക്ടും നടപ്പാക്കുന്നതിന് യു.പി.എ. ഗവൺമെന്റിന് കഴിഞ്ഞു. കാൽ നൂറ്റാണ്ടിലധികമായി ഒറ്റയ്ക്ക് ഇന്ത്യൻ പാർലമെന്റിൽ ഭൂരിപക്ഷം നേടാൻ കഴിയാത്ത ഒരു പാർട്ടിയായി കോൺഗ്രസ് അധ:പതിച്ചിരിക്കുന്നു. ദേശീയതലത്തിൽ കോൺഗ്രസ് ദുർബലപ്പെടുന്നതിൽ സന്തോഷ മുണ്ടെങ്കിലും പകരം ബി.ജെ.പി. വരുന്നതിൽ സങ്കടമുണ്ട്. രാജ്യത്തെ ജനാധിപത്യം സംരക്ഷിക്കാൻ വേണ്ടി അടിയന്തിരാവസ്ഥക്കാലത്ത് ഇടതു പക്ഷം ശരിയായ രാഷ്ട്രീയ അടവ് സമീപനം സ്വീകരിച്ചിട്ടുണ്ടെന്നുള്ളത് ചരിത്രസത്യമാണ്. ദേശീയ രാഷ്ട്രീയം പക്വതയോടുകൂടി കൈകാര്യം ചെയ്യേണ്ട വിഷയമാണ്. അഴിമതിക്കാരെ സംരക്ഷിക്കുന്ന സമീപനം സ്വീകരി ക്കുന്നതിനുപകരം അഴിമതിക്കെതിരായി ഉറച്ച നിലപാടെടുക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകണം.

സഭ വൈകുന്നേരം 4.25-ന് പിരിഞ്ഞു.